## പത്രക്കുറിപ്പ്

## ട്രിപ്പിൾ ലോക്ക്ഡൗൺ:
## നഗരത്തിൽ കർശന പരിശോധന തുടരുന്നു.
## എമർജൻസി ആംബുലൻസുകൾക്ക് കടന്നു പോകുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തി.

തിരുവനന്തപുരം:- ട്രിപ്പിൾ ലോക്ക്ഡൗൺ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ പോലീസ് പരിശോധന ശക്തമായി തുടരുന്നു. അതേ സമയം പൂർണ്ണമായും അടച്ച ബ്ലോക്കിംഗ് പോയിന്റുകളിലൂടെ മെഡിക്കൽ എമർജൻസി ആംബുലൻസുകൾക്ക് കടന്നു പോകുന്നതിന് ക്രമീകരണം ഏർപ്പെടുത്തിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

നഗരത്തിലേക്ക് പ്രവേശിക്കുന്നതിനും പുറത്തു പോകുന്നതിനുമായി എൻട്രി എക്സിറ്റ് പോയിന്റുകൾ 7 ആയി പുന ക്രമീകരിച്ചിട്ടുണ്ട്. കഴക്കൂട്ടം സ്റ്റേഷൻ പരിധിയിലെ ചേങ്കോട്ടുകോണം, വെട്ടു റോഡ്, മണ്ണന്തലയിലെ മരുതൂർ, പേരൂർക്കട- വഴയില, പൂജപ്പുര-കണ്ടമൺകടവ്, നേമം-പള്ളിച്ചൽ, വിഴിഞ്ഞം സ്റ്റേഷൻ പരിധിയിലെ ചപ്പാത്ത് എന്നീ സ്ഥലങ്ങളാണ് തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള എൻട്രി-എക്സിറ്റ് പോയിന്റുകൾ.

താഴെ പറയുന്ന പൂർണ്ണമായും അടച്ച ബ്ലോക്കിംഗ് പോയിന്റുകളിലൂടെ മെഡിക്കൽ എമർജൻസി ആംബുലൻസുകൾ മാത്രം കടത്തിവിടുന്നതാണ്.

| പോലീസ് സ്റ്റേഷൻ | ബ്ലോക്കിംഗ് പോയിന്റ് |
|---|---|
| തുമ്പ | ആറ്റിൻകുഴി |
| തുമ്പ | പള്ളിതുറ |
| തുമ്പ | വിളയിൽകുളം ജം. |
| തിരുവല്ലം | കാക്കാമൂല |

| | |
|---|---|
| നേമം | പാപ്പനംകോട് |
| നേമം | പുന്നമൂട് |
| വിഴിഞ്ഞം | ഉച്ചക്കട |
| വട്ടിയൂർക്കാവ് | വെള്ളൈക്കടവ് |
| വട്ടിയൂർക്കാവ് | നെട്ടയം |
| മണ്ണന്തല | കേരളാദിത്യപുരം |
| പേരൂർക്കട | കിഴക്കേ മുക്കോല |
| പൂജപ്പുര | മങ്ങാട്ടുകടവ് |

ഗുരുതരമല്ലാത്ത രോഗമുള്ളവർ കഴിവതും മെഡിക്കൽ സേവനങ്ങൾക്ക് അടുത്തുള്ള ആശുപത്രികൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

എയർപോർട്ടിലേക്കും റെയിവേ സ്റ്റേഷനിലേക്കും നഗരത്തിലെ പ്രമുഖ ആശുപത്രികളിലേക്കുമുള്ള വാഹനങ്ങൾക്കും ഡോക്ടർ, നെഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയ ആരോഗ്യപ്രവർത്തകർക്കും മെയിൻ റോഡുവഴി സുഗമമായി കടന്നുപോകുന്നതിനായുള്ള റൂട്ട് മാപ്പ് ചുവടെ ചേർക്കുന്നു.

**AVAILABLE VEHICLE ROUTES IN THIRUVANANTHAPURAM CITY DURING LOCK DOWN**



ഡോക്ടർ, നെഴ്സ് തുടങ്ങിയ ആരോഗ്യപ്രവർത്തകർ നാല് ചക്ര വാഹനം ഉപയോഗിക്കുന്നുണ്ടെങ്കിൽ ആവരുടെ തിരിച്ചറിയൽ കാർഡ് A4 ഷീറ്റിൽ പ്രിന്റ് എടുത്ത് വാഹനത്തിന്റെ ഗ്ലാസ്സിൽ പതിപ്പിക്കുന്നത് അവർക്ക് ചെക്കിംഗ് പോയിന്റുകൾ കടക്കുന്നത് എളുപ്പമാകും. ആരോഗ്യപ്രവർത്തകരും ആവശ്യ സേവന വിഭാഗത്തിലുള്ളവരും അവരുടെ തിരിച്ചറിയൽ കാർഡ് ഒറ്റ നോട്ടത്തിൽ കാണത്തക്ക വിധം ധരിക്കേണ്ടതാണ്.

ശംഖുമുഖം ജംഗ്ഷൻവഴി തിരുവനന്തപുരം ഡൊമസ്റ്റിക്ക് എയർപ്പോട്ടിലേക്കുള്ള റോഡ് കടൽക്ഷോഭത്താൽ തകർന്നുകിടക്കുന്നതിനാൽ ഡൊമസ്റ്റിക്ക് എയർപ്പോട്ടിലേക്ക് പോകേണ്ടയാത്രക്കാർ ഈഞ്ചയ്ക്കലിൽനിന്നും തിരിഞ്ഞ് വള്ളക്കടവു വഴി പോകേണ്ടതാണ്.

മെഡിക്കൽ എമർജൻസി ആംബുലൻസുകൾക്ക് കടന്നു പോകുന്നതിനുള്ള റൂട്ട് സംബന്ധിച്ചുള്ള വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഫോൺ നമ്പരുകൾ:- 0471-2558731, 0471-2558732.

## ലോക്ക് ഡൌൺ സുരക്ഷാ കേസ് വിവരം

ട്രിപ്പിൾ ലോക്ക് ഡൌണിനോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (17-05-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 363 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 64 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 281 പേരിൽ നിന്നും 1,40,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 4 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 12 കടകൾക്ക് എതിരേയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

സിറ്റി പോലീസ് കമ്മീഷണർ, ജില്ലാ കളക്ടർ, ഡെപ്യൂട്ടി കമ്മീഷണർ (ക്രമസമാധാനം), എ.ഡി.എം, സ്പെഷ്യൽ ബ്രാഞ്ച് അസി. കമ്മീഷണർ എന്നിവർ നൽകുന്ന പാസ്സ് ഉള്ളവർക്കു മാത്രമേ യാത്ര അനുവദിക്കുകയുള്ളു. മറ്റ് പാസ്സുകളുമായി വരുന്നവരെ തിരികെ അയക്കും. രോഗവ്യാപനം തടയുന്നതിനായി സർക്കാരും പോലീസും ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷ നടപടികളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണമെന്നും വിലക്ക് ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ കർശന നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
17-05-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി